പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1865 04.12.2018-ലെ മറുപടിക്ക്

## പ്രളയത്തിൽ കെഎസ്ആർടിസി ബസ്സുകൾക്ക് ഉണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇക്കഴിഞ്ഞ പ്രളയത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് ആകെ എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായി; എത്ര ബസ്സുകളാണ് വെള്ളം കയറി പ്രവർത്തനക്ഷമമല്ലാതായത്; വിവരം ലഭ്യമാക്കാമോ; | (എ) | ആകെ 127.06 കോടി രൂപയുടെ നഷ്ടം ഉണ്ടായി. 42 ബസ്സുകളാണ് വെള്ളം കയറി പ്രവർത്തനക്ഷമമല്ലാതായത്. |
| (ബി) | പ്രളയത്തിനു മുമ്പ് റാന്നി കെ. എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്ററിൽ ആകെ എത്ര ബസുകളാണ് സർവ്വീസ് നടത്തിയിരുന്നത്; ഇപ്പോൾ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; ബസ്സുകളുടെ എണ്ണത്തിൽ കുറവുണ്ടായെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | പ്രളയത്തിന് മുമ്പ് റാന്നി കെ.എസ്.ആർ. ടി.സി ഓപ്പറേറ്റിംഗ് സെന്ററിൽ ആകെ 23 ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു. ഇപ്പോൾ 22 ബസ്സുകൾ ഉപയോഗിച്ച് സർവ്വീസുകൾ നടത്തി വരുന്നു. പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച ബസ്സുകളിൽ ഒരു ബസ്സിന്റെ അറ്റകുറ്റപണികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കുറവ് അനുഭവപ്പെടുന്നുണ്ട്. |
| (സി) | ഇക്കഴിഞ്ഞ പ്രളയത്തിൽ റാന്നി കെഎസ്ആർടിസി ഓപ്പറേറ്റിംഗ് സെന്ററിൽ എത്ര ബസ്സുകളാണ് വെള്ളം കയറി പ്രവർത്തനക്ഷമമല്ലാതായത്;ഇവയിൽ എത്ര | (സി) | 11 ബസ്സുകൾ വെള്ളം കയറി പ്രവർത്തനക്ഷമമല്ലാതായി. ഇതിൽ 10 ബസ്സുകൾ അറ്റകുറ്റ പണി പൂർത്തിയാക്കി സർവ്വീസ് നടത്തുന്നുണ്ട്. ഒരു ബസ്സ് എഞ്ചിൻ തകരാറിലായത് ഇൻഷ്വറൻസ് പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | എണ്ണം അറ്റകുറ്റപ്പണി പൂർത്തിയാക്കി വീണ്ടും സർവ്വീസ് നടത്തുന്നുണ്ട്; അവശേഷിച്ച ബസ്സുകൾ അറ്റകുറ്റപ്പണി നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; ബസ്സുകളുടെ എല്ലാം കേടുപാടുകൾ പരിഹരിച്ച് സർവ്വീസ് പഴയപടി ആകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | | അറ്റകുറ്റ പണികൾ നടത്തിവരുന്നു. ഉടൻ തന്നെ ഈ ബസ്സ് സർവ്വീസിന് യോഗ്യമാവുന്നതാണ്. |
| (ഡി) | വാഹനങ്ങൾ ഇല്ലാത്തതിന്റെ പേരിൽ ഏതെങ്കിലും റൂട്ടുകൾ വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ റൂട്ടുകൾ എന്നും ഇവിടെ സർവ്വീസ് നടത്താൻ പകരം ബസ്സുകൾ ലഭ്യമാക്കുമോഎന്നും അറിയിക്കാമോ; | (ഡി) | രണ്ട് ഓർഡിനറി സർവ്വീസുകൾ താൽക്കാലികമായി ഓപ്പറേറ്റ് ചെയ്യുന്നില്ല. (06.40 – കോട്ടയം, 07.10 – കോട്ടയം).<br>റിപ്പയറിലുള്ള ബസ്സുകൾ സാമ്പത്തിക പരാധീനത കുറയുന്നതനുസരിച്ച് എത്രയും വേഗം നിരത്തിലിറക്കുന്നതാണ്. |
| (ഇ) | റാന്നി പോലെയുള്ള മലയോര മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | പ്രസ്തുത മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിലേക്കായി ട്രിപ്പുകൾ ക്രമീകരിച്ച് സർവ്വീസുകൾ കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**